"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയ്ക്കായി അനുവദിച്ചതും, ചെലവഴിക്കാത്തതുമായ സംസ്ഥാന വിഹിതവും ലോൺവിഹിതവും ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് അനുമതി നൽകിയും ആവശ്യമായ ക്രമീകരണം ചെയ്യുന്നതിന് ഉദ്യോഗസ്ഥനെ ചുമതലപെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2120/2025/LSGD തീയതി,തിരുവനന്തപുരം, 27-08-2025

---

പരാമർശം:-

1. വൊർക്കാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ ന്റെ 12/09/2024 ലെ അപേക്ഷ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡി നേഷൻ കമ്മിറ്റിയുടെ 24/06/2025- ലെ ഖണ്ഡിക 4.40. തീരുമാനം

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയ്ക്കായി സംസ്ഥാന വിഹിതവും ലോൺവിഹിതം ലഭ്യമാകുന്നതിന് കാലതാമസം നേരിട്ടതിനാൽ, ജില്ല പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്/ ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ലൈഫ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. തുടർന്ന് സംസ്ഥാന വിഹിതമായി 15,80,012 രൂപയും, ഹഡ്കോ ലോൺ വിഹിതമായി 17,41,555 രൂപയും ഗ്രാമപഞ്ചായത്തിന് അനുവദിച്ചു. സംസ്ഥാന വിഹിതത്തിനും ലോൺ വിഹിതത്തിനും പകരമായി പഞ്ചായത്ത് വിഹിതം ഉപയോഗിച്ചതിനാൽ മേൽ അനുവദിച്ച തുക വീട് നിർമ്മിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് അനുവദിച്ചു നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 1 പ്രകാരം വൊർക്കാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിക്കുകയുണ്ടായി.

2.വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24/06/2025 ലെ യോഗം ഈ വിഷയം പരിശോധിച്ചു. ഗ്രാമപഞ്ചായത്ത് ക്രമീകരണം നടത്തിയത് ശരിയായ നടപടിക്രമമല്ല എന്ന് നിരീക്ഷിച്ചു കൊണ്ട്, പ്രത്യേക അനുമതി നൽകിയിലെങ്കിൽ ഈ തുക

ചെലവഴിക്കാൻ സാധിക്കില്ല എന്നതിനാൽ, കാസർഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയ്ക്കായി അനുവദിച്ചതും, ചെലവഴിക്കാത്തതുമായ സംസ്ഥാന വിഹിതവും ലോൺവിഹിതവും ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് അനുമതി നൽകിയും ഇതിനാവശ്യമായ ക്രമീകരണം ചെയ്യാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, വോർക്കാടി ഗ്രാമപഞ്ചായത്ത്, കാസർഗോഡ്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sheeba. S. C
Date: 27-08-2025 14:31:01
സെക്ഷൻ ഓഫീസർ